**ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ (പി.ഒ.), തിരുവനന്തപുരം.695035 പിൻ -

ഫോൺ: 0471-2302490 ഇ- മെയിൽ- dhskerala@gmail.com,

വെബ് സൈറ്റ് : www.dhs.kerala.gov.in

**അനുബന്ധം എച്ച്.4**

**നോട്ടീസ്**

കോട്ടയം ജനറൽ ആശുപത്രിയിലെ നഴ്സിങ് ഓഫീസർ ഗ്രേഡ്-I ശ്രീമതി.അജിത എസ്. എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ താങ്കൾ 01.08.2025 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നു. ആയതിനാൽ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിൽ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണ നടപടി താങ്കൾക്കെതിരെ എടുക്കാതിരിക്കുവാൻ കാരണം കാണിക്കുന്ന താങ്കളുടെ എതിർവാദ പത്രികയോ വിശദീകരണമോ സമർപ്പിക്കുവാൻ താങ്കളോട് നിർദ്ദേശിച്ചുകൊണ്ടുള്ള കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള ചാർജ്ജുമെമ്മോ DHS/23242/2025-EC3, 26.01.2026 തീയതിയിൽ ഏറ്റവും ഒടുവിൽ അറിയാവുന്ന താങ്കളുടെ മേൽവിലാസത്തിൽ അറിയിച്ചിരുന്നു. എന്നാൽ പ്രസ്തുത കുറ്റാരോപണ മെമ്മോ താങ്കൾ കൈപ്പറ്റിയിട്ടില്ല. എന്നാൽ ആ ചാർജ്ജ് മെമ്മോ വിതരണം ചെയ്യപ്പെടാതെ "Unclaimed" എന്ന് രേഖപ്പെടുത്തി പോസ്റ്റൽ അധികാരികൾ ഡിപ്പാർട്ടുമെന്റിലേയ്ക്ക് മടക്കി. അതിനാൽ ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ താങ്കൾക്കെതിരെ തയ്യാറാക്കിയ കുറ്റപത്രത്തിന് താങ്കളുടെ ലിഖിതമായ എതിർവാദ പത്രികയോ മറ്റ് വിശദീകരണമോ ലഭിക്കാത്തപക്ഷം താങ്കൾക്ക് യാതൊരു എതിർവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും അതിന് അനുസൃതമായി തുടർന്നുള്ള നടപടികൾ എടുക്കുന്നതുമാണ്. കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള കുറ്റാരോപണ പത്രികയുടെ പൂർണ്ണരൂപം നിശ്ചിത കാലാവധിക്കുമുൻപ് ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം-ൽ നിന്നും ഓഫീസ് പ്രവർത്തി സമയങ്ങളിലോ, അല്ലെങ്കിൽ അത് അയയ്ക്കേണ്ടതായ താങ്കളുടെ മേൽവിലാസം നൽകിക്കൊണ്ട് നൽകുന്ന അപേക്ഷയിന്മേലോ താങ്കൾക്ക് ലഭ്യമാക്കാവുന്നതാണ്.

Digitally signed by
Meenakshy V
Date: 26-06-2026
17:47:29

ഡോ. മീനാക്ഷി വി.

ആരോഗ്യ വകുപ്പ് ഡയറക്ടർ

സ്വീകർത്താവ്

ശ്രീമതി.അജിത.എസ്..

തട്ടാരത്ത്. പട്ടക്കളം. കടപ്പൂർ.